(ബി) ജനറൽ കേഡറിലെ അസിസ്റ്റന്റ് സർജന്മാരുടെ 149 ഒഴിവുകളിലേക്ക് പി.ജി. പഠനം പൂർത്തിയാക്കി ജൂലൈ ആദ്യവാരം സർവ്വീസിൽ തിരികെ പ്രവേശിക്കേണ്ട മെഡിക്കൽ ഓഫീസർമാർക്ക് ഇതിനോടകം നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമന ശുപാർശ ലഭിച്ച 47 ഉദ്യോഗാർത്ഥികൾക്ക് 4-7-2015-ന് നടന്ന കൗൺസിലിംഗിൽ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ജൂലൈ 31-നകം പി.ജി. പഠനം പൂർത്തിയാക്കിവരുന്ന 29 മെഡിക്കൽ ഓഫീസർമാർക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് സർവ്വീസിൽ പി.ജി. ബിരുദമുള്ള ജീവനക്കാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് പ്രാഥമിക പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള അപ്പീൽ പരിശോധിച്ച് അന്തിമ പട്ടിക തയ്യാറാക്കി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സ്പെഷ്യാലിറ്റി കേഡറിലേയും അഡ്മിനിസ്ട്രേറ്റീവ് കേഡറിലേയും വിവിധ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

അഡ്മിനിസ്ട്രേറ്റീവ് കേഡറിലെ ഒഴിവുകളിലേയ്ക്ക് ആശുപത്രികളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ജലജന്യരോഗങ്ങൾ

75 (2284) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന ജലജന്യരോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

(ബി) ഇതിനായുള്ള മുൻ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നെന്നും എത്ര യുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വർദ്ധിച്ചുവരുന്ന ജലജന്യരോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. ജലസ്രോതസ്സുകൾ മാലിന്യവിമുക്തമാക്കുന്നതിനുവേണ്ടി പതിവായി വെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തി Chlorination, super chlorination, എന്നിവ നടത്തിവരുന്നു.

2. മേളകൾ, സദ്യാലയങ്ങൾ എന്നിവിടങ്ങളിൽ കൃത്യമായ ഇടവേളകളിൽ സന്ദർശനംനടത്തി കുടിവെള്ളം, ഐസ്, ഭക്ഷണം എന്നിവയുടെ ശുചിത്വം ഉറപ്പു വരുത്തുന്നു.

3. സേഫ് കേരള പദ്ധതിയുടെ ഭാഗമായി ഹോട്ടലുകൾ, കശാപ്പുശാലകൾ, ബേക്കറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പരിശോധന നടത്തി ശുചിത്വം ഉറപ്പു വരുത്തുന്നു.

4. തിളപ്പിച്ചാറിയ വെള്ളം കുടിക്കുക, മലമൂത്ര വിസർജ്ജനം കക്കൂസുകളിൽ മാത്രമാക്കുക, വ്യക്തിശുചിത്വം പാലിക്കുക, പരിസര ശുചിത്വം ഉറപ്പുവരുത്തുക തുടങ്ങിയ ശുചിത്വ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

5. ആരോഗ്യ സ്ഥാപനങ്ങളിൽ ORT കോർണർ പ്രവർത്തിച്ചുവരുന്നു.

6. വയറിളക്ക രോഗങ്ങൾക്കെതിരെയുള്ള മരുന്നുകൾ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.

7. കുടിവെള്ളത്തിൽ അടങ്ങിയിരിക്കുന്ന ക്ലോറിൻ അളവ് പരിശോധിക്കുന്നതിനായുള്ള ഉപകരണം (Chloroscope) എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.

8. ജലഅതോറിറ്റി, ശുചിത്വമിഷൻ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിനായി പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ബഡ്ജറ്റ് വിഹിതം 65 ലക്ഷം രൂപയായിരുന്നു. ഇതിൽ 57.66 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ലഘുക്ഷേണങ്ങളിലെ ലെഡ് സാന്നിധ്യം

76 (2285) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly